**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **27-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ഡോ സുജിത് വിജയൻപിള്ള | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആഗോള സർവ്വകലാശാല റേറ്റിംഗിൽ ഇടം നേടാനാകുംവിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലകളിൽ കാലാനുസൃതമായി മികവാർന്ന കോഴ്സുകൾ ലഭ്യമാക്കാനും യഥാസമയം പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ; | (ബി) | 2020-21 അദ്ധ്യയനവർഷം വിവിധ സർവ്വകലാശാലകളിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. യഥാസമയം പരീക്ഷയും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു. 1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം 2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി |

| | | | |
|---|---|---|---|
| | | | ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം 3. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും. |
| (ഡി) | സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യാനുസരണം ജീവനക്കാർ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ